REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 29-04-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **പശ്ചിമബംഗാളിൽ രണ്ടാം ഘട്ട വോട്ടെടുപ്പിലും മികച്ച പോളിംഗ്. രാവിലെ 11 വരെ 40 ശതമാനത്തിലേറെ പേർ വോട്ടു ചെയ്തു.**
- **കേന്ദ്ര മോട്ടോർ വാഹന നിയമം 1989 ലെ ഭേദഗതി സംബന്ധിച്ച കരട് വിജ്ഞാപനം ഗവണ്മെന്റ് പുറപ്പെടുവിച്ചു.**
- **പാലക്കാട് ജില്ലയിൽ ഇന്നും താപനില 40 ഡിഗ്രി സെൽഷ്യസിന് മുകളിൽ ഉയർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ്.**
- **സംസ്ഥാനത്തു മിൽമ പാൽ വില നാല് രൂപ വർധിപ്പിക്കാൻ തിരുവനന്തപുരത്ത് ചേർന്ന ഡയറക്ടർ ബോർഡ് യോഗം നിർദ്ദേശിച്ചു.**
- **IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് , സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.**

## വാർത്തകൾ വിശദമായി

പശ്ചിമബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിലും മികച്ച പോളിംഗ്.. രാവിലെ 11 വരെ 40 ശതമാനത്തോളം പോളിംഗ് രേഖപ്പെടുത്തി.

142 മണ്ഡലങ്ങളിലെയും വോട്ടെടുപ്പ് പുരോഗമിക്കുകയാണ്. ആദ്യഘട്ടത്തിൽ 93 ശതമാനത്തിലേറെ പോളിംഗ് രേഖപ്പെടുത്തിയിരുന്നു.

✪✪✪

കേന്ദ്ര മോട്ടോർ വാഹന നിയമം 1989 ലെ ഭേദഗതി സംബന്ധിച്ച കരട് വിജ്ഞാപനം ഗവണ്മെന്റ് പുറപ്പെടുവിച്ചു. എഥനോൾ ചേർത്ത ഇന്ധന വിഭാഗവും, കാർബൺ നിർഗമനവുമായി ബന്ധപ്പെട്ട നിയമങ്ങളാണ് ഭേദഗതി ചെയ്യുന്നത്. ഇന്ധനങ്ങളിൽ ഹൈഡ്രജൻ CNG എന്ന വിഭാഗം കൂട്ടിച്ചേർക്കും. വാഹനഭാരം മൂവായിരം കിലോയിൽ നിന്ന് 3,500 കിലോ ആയി വർദ്ധിപ്പിക്കാനും വിജ്ഞാപനം നിർദ്ദേശിക്കുന്നു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് ഫലത്തിലേക്ക് ഇനി 4 ദിവസം. കേരളമടക്കം നാലു സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലെയും വോട്ടെണ്ണലും ഔദ്യോഗിക ഫലപ്രഖ്യാപനവും മെയ് നാലിനാണ്.

കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിൽ ഒൻപതിനും തമിഴ്നാട്ടിൽ 23 നുമാണ് വോട്ടെടുപ്പ് നടന്നത്. ബംഗാളിലെ ആദ്യഘട്ട വോട്ടെടുപ്പും 23-നായിരുന്നു.

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നടപടികൾക്ക് കൗണ്ടിങ് സൂപ്പർവൈസർ, കൗണ്ടിങ് അസിസ്റ്റന്റ്, മൈക്രോ ഒബ്സർവർ എന്നിവരുടെ നിയമനത്തിന് ജില്ലകളിലെ ആദ്യഘട്ട റാൻഡമൈസേഷൻ കഴിഞ്ഞ ദിവസം പൂർത്തിയായി. മെയ് രണ്ടിനാണ് രണ്ടാം ഘട്ട റാൻഡമൈസേഷൻ. മൂന്നാം ഘട്ട റാൻഡമൈസേഷൻ മെയ് നാലിന് പുലർച്ചെ നടത്തും.

പശ്ചിമബംഗാളിലെ അവസാനഘട്ട വോട്ടെടുപ്പ് ഇന്ന് വൈകിട്ട് അവസാനിക്കുന്നതിന് പിന്നാലെ, പ്രമുഖ ദേശീയ - പ്രാദേശിക മാധ്യമങ്ങൾ എക്സിറ്റ് പോൾ സർവേ ഫലം പുറത്തുവിടും.

✪✪✪

രാജ്യത്തെ ഉഷ്ണതരംഗ സാഹചര്യത്തിൽ തൊഴിലാളികളെയും, പുറംജോലി ചെയ്യുന്നവരെയും സംരക്ഷിക്കാൻ കേന്ദ്രം രാജ്യവ്യാപക മാർഗനിർദേശം പുറപ്പെടുവിച്ചു. സംസ്ഥാന ചീഫ് സെക്രട്ടറിമാർക്ക് തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻതക്ക സമീപനം സ്വീകരിക്കാൻ തൊഴിൽ മന്ത്രാലയം നിർദേശിച്ചുത്.

തൊഴിലാളികൾക്ക് ആവശ്യമായ കുടിവെള്ളം ലഭ്യമാക്കാനും വെയിൽ ഏൽക്കാത്ത വിശ്രമ സ്ഥലങ്ങൾ ഒരുക്കാനും മന്ത്രാലയം നിർദേശിച്ചു. ദേശീയ പാതാ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ ഉച്ചയ്ക്ക് 12 മുതൽ വൈകിട്ട് നാല് വരെ ജോലി ചെയ്യാൻ നിർബന്ധിക്കരുതെന്ന് ദേശീയ പാതാ അതോറിറ്റിയും നിർദേശം നൽകി.

✪✪✪

പാലക്കാട് ജില്ലയിൽ ഇന്നും താപനില 40 ഡിഗ്രി സെൽഷ്യസിന് മുകളിൽ ഉയർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. തുടർച്ചയായ ദിവസങ്ങളിൽ താപനില ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ കൂടുതൽ ജാഗ്രത വേണമെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. മംഗലം അണക്കെട്ടിന്റെ റിവർ സ്ലൂയിസ് വഴി ഇന്ന് പുഴയിലേക്ക് വെള്ളം തുറന്നുവിട്ടിട്ടുണ്ട്.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

.....(വോയ്സ്).....................

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ചിലയിടങ്ങളിൽ വേനൽമഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. നാളെ കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശവുമുണ്ട്.

✪✪✪

രാജ്യത്തിന്റെ വടക്കുകിഴക്കൻ മേഖലയിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ്.

ഉത്തർപ്രദേശ്, കർണാടകയുടെ ഉൾഭാഗം, ജമ്മു കശ്മീർ, ലഡാക്ക്, കേരളം, മാഹി, തുടങ്ങിയിടങ്ങളിൽ അടുത്ത രണ്ട് ദിവസത്തേക്ക് ഇടിമിന്നലോടുകൂടിയ മഴയും ശക്തമായ കാറ്റും ഉണ്ടാകുമെന്ന് കാലാവസ്ഥാ വകുപ്പ് പ്രവചിച്ചു.

✪✪✪

തുടർച്ചയായി കൂടുതൽ സമയം അൾട്രാവയലറ്റ് രശ്മികൾ ശരീരത്തിൽ ഏൽക്കുന്നത് സൂര്യാതപത്തിനും ത്വക്ക് രോഗങ്ങൾക്കും നേത്രരോഗങ്ങൾക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമായേക്കാമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. പൊതുജനങ്ങൾ സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

പകൽ 10 മണി മുതൽ 3 മണി വരെ സമയങ്ങളിലാണ് ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തുന്നത്. അതിനാൽ ആ സമയങ്ങളിൽ കൂടുതൽ നേരം ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് പരമാവധി ഒഴിവാക്കണം.

✪✪✪

വിദ്യാഭ്യാസ അവകാശ നിയമപ്രകാരം നിർബന്ധിത സ്കൂൾ പ്രവേശനം ദേശീയ ഉത്തരവാദിത്വമാണെന്ന് സുപ്രീം കോടതി വിധി. സംസ്ഥാന ഗവണ്മെന്റ് നിർദേശിക്കുന്ന വിദ്യാർത്ഥികളെ കാലതാമസമില്ലാതെ പ്രവേശിപ്പിക്കാൻ തൊട്ടടുത്ത സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങൾ ഉൾപ്പെടെ നിയമപരമായി ബാധ്യസ്ഥരാണെന്ന് കോടതി പറഞ്ഞു.

ഗവണ്മെന്റ് എടുക്കുന്ന യോഗ്യതാ തീരുമാനങ്ങൾ സ്കൂളുകൾക്ക് ചോദ്യം ചെയ്യാനോ മറികടക്കാനോ കഴിയില്ലെന്നും ബെഞ്ച് വ്യക്തമാക്കി. ഇതു സംബന്ധിച്ച UP ഹൈക്കോടതി വിധി ശരിവെച്ചാണ് സുപ്രിം കോടതി ഉത്തരവ്.

✪✪✪

ശബരിമലയിലെ സ്ത്രീ പ്രവേശനമടക്കം വിഷയങ്ങളിൽ സുപ്രീം കോടതി ഭരണഘടനാ ബെഞ്ചിൽ വാദം തുടരുന്നു. ശബരിമല സ്ത്രീപ്രവേശനത്തെ അനുകൂലിക്കുന്ന ഹർജികളാണ് ഇന്ന് ബെഞ്ചിന്റെ പരിഗണനയ്ക്ക് വരുന്നത്.

✪✪✪

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളുമായി മന്ത്രി K കൃഷ്ണൻകുട്ടി രാവിലെ കൂടിക്കാഴ്ച നടത്തി. രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയുടെ സാഹചര്യത്തിലായിരുന്നു കൂടിക്കാഴ്ച. പുറമെ നിന്ന് വൈദ്യുതി വാങ്ങുന്നതിനെ കുറിച്ച് റെഗുലേറ്ററി കമ്മീഷൻ തീരുമാനമെടുക്കുന്നതിൽ ഉണ്ടായ കാലതാമസമാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾക്ക് കാരണമെന്ന് മന്ത്രി പ്രതികരിച്ചു,

✪✪✪

രണ്ട് ദിവസത്തെ ഉത്തർപ്രദേശ് സന്ദർശനത്തിന്റെ രണ്ടാം ദിവസമായ ഇന്ന്, പ്രധാനമന്ത്രി നരേന്ദ്ര മോദി രാവിലെ കാശി വിശ്വനാഥ ക്ഷേത്രത്തിൽ ദർശനവും പൂജയും നടത്തി. തുടർന്ന് ഹർദോയിയിൽ ഗംഗാ എക്സ്പ്രസ് വേ അദ്ദേഹം ഉദ്ഘാടനം ചെയ്തു. 594 കിലോമീറ്റർ ആറുവരി പാത, 36,230 കോടി രൂപ ചെലവിലാണ് നിർമ്മിച്ചത്. UP യിലെ ഏറ്റവും നീളമേറിയ ആറുവരിപ്പാതയാണിത്.

✪✪✪

സംസ്ഥാനത്തു മിൽമ പാൽ വില നാല് രൂപ വർധിപ്പിക്കാൻ തിരുവനന്തപുരത്ത് ചേർന്ന ഡയറക്ടർ ബോർഡ് യോഗം നിർദ്ദേശിച്ചു.

പാൽ വില വർദ്ധിപ്പിക്കണമെന്ന ശുപാർശക്ക് ഗവണ്മെന്റ് നേരത്തെ അംഗീകാരം നൽകിയിരുന്നു. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം അവസാനിച്ചശേഷമായിരിക്കും വിലവർദ്ധന.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആദ്യ ഹജ്ജ് ക്യാമ്പ്, നെടുമ്പാശ്ശേരി വിമാനത്താവളത്തിന് സമീപം സിയാൽ എയ്റോ പാർക്കിൽ ഇന്ന് തുടങ്ങും. 450 പേരടങ്ങുന്ന ആദ്യ സംഘം നാളെ നെടുമ്പാശ്ശേരിയിൽ നിന്ന് ഹജ്ജ് തീർഥാടനത്തിന് യാത്രയാകും.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് , സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് മുംബൈ വാംഖഡെ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

മുണ്ടത്തിക്കോട് വെടിക്കോപ്പ് നിർമ്മാണ ശാലയിലെ സ്ഫോടനം അന്വേഷിക്കുന്ന ജുഡീഷ്യൽ കമ്മീഷൻ ജസ്റ്റിസ്, CN രാമചന്ദ്രൻ നായർ ഇന്ന് സംഭവസ്ഥലം സന്ദർശിക്കും. തൃശൂർ ഗവൺമെന്റ് മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്നവരെയും അദ്ദേഹം കാണും.

മുണ്ടത്തിക്കോട് ജുഡീഷ്യൽ കമ്മീഷൻ യോഗം ചേരുന്ന തൃശൂർ രാമനിലയം ഗസ്റ്റ് ഹൗസ് പരിസരത്ത് മാധ്യമങ്ങൾക്ക് വിലക്കേർപ്പെടുത്തി. സിറ്റി പൊലീസ് കമ്മീഷണറുടെതാണ് നടപടി. വിലക്കേർപ്പെടുത്തിയത് തന്റെ അറിവോടെ അല്ലെന്ന് ജസ്റ്റിസ് C.N രാമചന്ദ്രൻ നായർ പറഞ്ഞു.

✪✪✪

ഇടുക്കി ജില്ലയിലെ വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവ് നൽകി മൂന്നാറിൽ ഗ്ലാസ് വാച്ച് ടവർ പ്രവർത്തനമാരംഭിച്ചു. കേരളത്തിലെ ഏറ്റവും നീളമേറിയ ഡബിൾ ലൈൻ ഗ്ലാസ് വാച്ച് ടവർ എന്ന പ്രത്യേകത ഇതിനുണ്ട്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.

............(വോയ്സ്)................

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 320 രൂപ കൂടി ഒരു ലക്ഷത്തി 11,000 രൂപയായി. 13,875 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

താമരശേരി ചുരത്തിലെ ആറാം വളവിൽ, കൊക്കയിലേക്ക് മറിഞ്ഞ നിർമ്മാണ വാഹനം, ഉയർത്തുന്നതിനാൽ ഇന്ന് പകൽ സമയത്ത് ഭാര കൂടിയ വാഹനങ്ങൾക്കും, മൾട്ടി ആക്സിൽ വാഹനങ്ങൾക്കും ചുരത്തിൽ പൂർണ നിയന്ത്രണം ഏർപ്പെടുത്തി. മറ്റ് വാഹനങ്ങൾക്ക് ഭാഗിക നിയന്ത്രണവും ഉണ്ടായിരിക്കും.

✪✪✪

വയനാട് മേപ്പാടി നെടുമ്പാല പള്ളിക്കവലയിൽ ബസ്സി ടിച്ച് വയോധിക മരിച്ചു. പള്ളിക്കവല സ്വദേശിനി അന്നമ്മ ആണ് മരിച്ചത്. KSRTC ബസ്സിൽ കയറാൻ ശ്രമിക്കുന്നതിനിടെ അതേ ബസ് ഇടിക്കുകയായിരുന്നു.

✪✪✪

ഇന്ന് അന്താരാഷ്ട്ര നൃത്തദിനം. നൃത്തത്തിന്റെ മൂല്യവും, പ്രാധാന്യവും ജനങ്ങളിലെത്തിക്കുക എന്നതാണ് ദിനാചരണ ലക്ഷ്യം. 1982 ൽ അന്താരാഷ്ട്ര ഡാൻസ് കൗൺസിലിന്റെ നേതൃത്വത്തിലായിരുന്നു പ്രഥമ നൃത്ത ദിനാചരണം. "നൃത്തം - ഒരു സാർവത്രിക ഭാഷ" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

രാജ്യത്തെ ഭരത ക്ഷേത്രങ്ങളിൽ പ്രധാനമായ ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിൽ ഉത്സവത്തിന് തുടക്കമായി. ക്ഷേത്രം തന്ത്രിയുടെ മുഖ്യകാർമ്മികത്വത്തിൽ കൊടിയേറ്റത്തോടെ ഉത്സവച്ചടങ്ങുകൾക്ക് തുടക്കമായി.

✪✪✪

മുൻ IAS ഓഫീസർ ബിജു പ്രഭാകർ എഴുതിയ "നാം നമ്മെ കൊള്ളയടിക്കുമ്പോൾ" എന്ന പുസ്തകം തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു . മുൻ DGP എസ് ആനന്ദ കൃഷ്ണൻ ആദ്യപ്രതി ഏറ്റുവാങ്ങി.

✪✪✪

കേരള ഹയർ സെക്കണ്ടറി സ്‌കൂൾ പ്രിൻസിപ്പൽസ് അസോസിയേഷന്റെ 16-ാം സംസ്ഥാന സമ്മേളനം മെയ് 1,2 തീയതികളിൽ കോഴിക്കോട് കാലിക്കറ്റ് ടവറിൽ നടത്തും. മന്ത്രി P.A മുഹമ്മദ് റിയാസ് സമ്മേളനം ഉദ്ഘാടനം ചെയ്യും.

വിദ്യാഭ്യാസ സാംസ്‌ക്കാരിക സമ്മേളനം, MK രാഘവൻ MP ഉദ്ഘാടനം ചെയ്യും. MLA മാരായ അഹമ്മദ് ദേവർകോവിൽ, ഡോ. MK മുനീർ, മേയർ O സദാശിവൻ, തുടങ്ങിയ പ്രമുഖർ ചടങ്ങിൽ സംബന്ധിക്കും. ഈ വർഷം വിരമിക്കുന്ന 70 പ്രിൻസിപ്പൽമാരെയും, പ്രത്യേക അവാർഡിന് അർഹരായ 7 പ്രിൻസിപ്പൽമാരേയും സമ്മേളനത്തിൽ ആദരിക്കും.

✪✪✪

---

*News Editor : അനിൽ ചന്ദ്രൻ*
*News Reader: സബിത കെ*
*News Team: ഫർദിസ് , രജിന കെ*
*DEO: ഷീബ*